## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1695

11.02.2013 - ൽ മറുപടിയ്ക്ക്

### 2012 ലെ കൊപ്രാസംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | | |

ശ്രീ. കെ. രാധാകൃഷ്ണൻ

,, കെ. ദാസൻ

,, കെ. കുഞ്ഞിരാമൻ (ഉദുമ)

,, കോലിയക്കോട് എൻ കൃഷ്ണൻ നായർ

ശ്രീ. കെ.പി. മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

എ) 2012 ൽ സംസ്ഥാനത്ത് നടന്ന കൊപ്ര സംഭരണം സംബന്ധിച്ച നടപടികളെ കുറിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(എ) 2012 ലെ കൊപ്ര സംഭരണ പരിപാടികളെ സംബന്ധിച്ച് സംസ്ഥാന തലത്തിലും മേഖലാതലത്തിലും ജില്ലാതലത്തിലും അതാതു സമയങ്ങളിൽ സർക്കാർ അവലോകനയോഗങ്ങൾ കൂടുകയും പോരായ്മകളെക്കുറിച്ച് വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2012 ൽ സർക്കാർ ലക്ഷ്യമിട്ടിരുന്നത്രയും കൊപ്ര സംഭരിക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരഫെഡും മാർക്കറ്റ് ഫെഡും സഹകരണ സംഘങ്ങളിലൂടെയും നാളീകേരം ഉല്പാദക സംഘങ്ങളിലൂടെയും പരമാവധി കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനാണ് 2012 ൽ സർക്കാർ ലക്ഷ്യമിട്ടിരുന്നത്. സംഭരണ സമയത്ത് സംഘങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് കൊപ്ര സംഭരിക്കുന്ന ചാക്കൊന്നിന് നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമേ ചാക്കൊന്നിന് 10 രൂപ വീതം അധികമായി നൽകുന്നതിനും സഹകരണസംഘങ്ങൾ സംഭരിക്കുന്ന കൊപ്രയ്ക്ക് ക്വിന്റലിന് 500 രൂപ നിരക്കിൽ ഇൻസെന്റീവും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം ഉടനീളം താങ്ങുവിലയേക്കാളും താഴ്ന്ന നിരക്കിലാണ് കൊപ്രയുടെ വില നിലനിന്നിരുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷ്യ എണ്ണകൾക്കുള്ള ഇറക്കുമതി നയം ഉദാരവൽക്കരിച്ചതുമൂലം വെളിച്ചെണ്ണ വിലയിലുണ്ടായ ഇടിവ് കൊപ്രയുടെ വിലയിടിവിന് കാരണമായിട്ടുണ്ട്. ഇതിനു പരിഹാരമായിട്ടാണ് കേന്ദ്രസർക്കാരിന്റെ

| | | | |
|---|---|---|---|
| | ഈ സാഹചര്യത്തിലേക്ക് നയിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം, കേര ഫെഡും മാർക്കറ്റ് ഫെഡും മുഖേന നടപ്പിലാക്കി വരുന്നത്.<br><br>ഇതിനു പുറമേ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന പച്ചത്തേങ്ങ 2013 ജനുവരി മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. കിലോയ്ക്ക് 16 രൂപ നിരക്കിലാണ് സംഭരണം നടത്തുന്നത്. |
| (ഡി) | ഈ വർഷത്തെ കൊപ്രസംഭരണത്തിന്റെ ലക്ഷ്യവും അതിനായുള്ള തയ്യാറെടുപ്പുകളും വിശദമാക്കാമോ? | (ഡി) | 2012 ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങു വിലപദ്ധതി പ്രകാരം കൊപ്ര സംഭരണം നടന്നു വരുന്നു. കൊപ്ര സംഭരണം ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പച്ചത്തേങ്ങ സംഭരണ പദ്ധതി കേര ഫെഡ് മുഖേന സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ